കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്
# 2015-16 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
(e-mail:doklm.ksad@kerala.gov.in)

<u>(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)</u>

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി.527/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കൊല്ലം ജില്ല.

തീയതി.22/03/2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.എൽ.എം.ഡി.ബി.527/2017 തീയതി.22/03/2017

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-09-2016 മുതൽ 21-02-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനി.എ.എസ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-02-2017 മുതൽ<br>28-02-2017വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സോണിയ ജെ സെബാസ്റ്റ്യൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈലാ സലിംലാൽ | 01.04.15മുതൽ 18.11.15വരെ |
| | ശ്രീ.എസ്.ശശികുമാർ | 19.11.15മുതൽ 31.03.16വരെ |
| സെക്രട്ടറി | ശ്രീ.നീലകണ്ഠപ്രസാദ്.പി.എസ് | 01.04.15മുതൽ 10.02.16വരെ |
| | ശ്രീ.പത്മകുമാർ.എസ് | 11.02.16മുതൽ 13.02.16വരെ |
| | ശ്രീ.ബി.ഗീതകുമാർ(ഇൻചാർജ്) | 14.02.2016മുതൽ 31.03.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.പ്രീത എം. | 01.04.15 മുതൽ 30.06.15 FN വരെ |
| | ശ്രീ.തോമസ് വൈദ്യൻ | 30.06.15AN മുതൽ 28.02.16 വരെ |
| | ശ്രീ. എ.ജി.അനിൽ കുമാർ (ഇൻചാർജ്) | 01.03.16 മുതൽ 31.03.16 വരെ |
| അസി.എക്സി.എഞ്ചിനീയർ | ശ്രീ.ബിജു വിശ്വം | 01.04.15 മുതൽ 18.06.15 വരെ |
| | ശ്രീമതി.സുനിത കുമാരി .എസ് | 19.06.15 മുതൽ 31.03.16വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ജേക്കബ് ജോൺ | 01.04.15 മുതൽ 30.05.15 വരെ |
| | ശ്രീ.പ്രസി മോൻ | 01.6.15 മുതൽ 15.06.15 വരെ |
| | ശ്രീമതി.ഗീത | 18.06.15FNമുതൽ 27.12.15FNവരെ |
| | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ | 27.12.15ANമുതൽ 01.01.16 വരെ |
| | ശ്രീമതി.പ്രീതദേവി | 02.01.16 മുതൽ 31.03.16 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ചിത്രലേഖ | 01.04.15 മുതൽ 05.05.15 വരെ |
| | ശ്രീമതി.വസന്തകുമാരി | 06.05.15 മുതൽ |

| | | |
|---|---|---|
| | | 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ബിജി | 01.04.15 മുതൽ 25.05.15FN വരെ |
| | ഡോ.കിരൺ | 25.05.15AN മുതൽ 08.07.15FN വരെ |
| | ഡോ.നടാഷ | 08.07.15AN മുതൽ 16.12.15 വരെ |
| | ഡോ.ജ്യോതിലാൽ | 16.12.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി ഡോക്ടർ | ഡോ.ജേക്കബ് സാമുവൽ | 01.04.15 മുതൽ 25.05.15 വരെ 26.5.15 മുതൽ 29.5.15 വരെയുള്ള ഉദ്യോഗസ്ഥന്റെ പേരു വിവരം ലഭ്യമാക്കിയിട്ടില്ല. |
| | ഡോ.ദീപാ പ്ളാസിഡ് | 30.05.15 മുതൽ 31.03.16 വരെ |
| ക്ഷീര വികസന ഓഫീസർ<br>സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ശ്രീ.സഞ്ജയൻ<br>ഡോ.പ്രീതി ജയിംസ്<br>ഡോ.ബിജു.ബി.എൻ | 01.04.15 മുതൽ 31.03.16 വരെ<br>01.04.15 മുതൽ 21.08.15 വരെ<br>22.8.15 മുതൽ 31.3.16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 3 | |
| 12 | മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു.126963 രൂപ നഷ്ടം. | 3-1 |
| 13 | അനർഹർക്ക് ആനുകൂല്യം. 50000/- രൂപ നിരാകരിക്കുന്നു. | 3-2 |
| 14 | കോട്ടേക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് – എർത്ത് വർക്ക് എസ്കവേറ്റിംഗ്- ബ്ലാസ്റ്റിംഗിന് അധിക നിരക്ക് നൽകി. 35498/- രൂപ നിരാകരിക്കുന്നു. | 3-3 |
| 15 | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റില്ലാതെ പദ്ധതി | 3-4 |

| | | |
|---|---|---|
| | നിർവ്വഹണം | |
| 16 | പത്താംതരം തുല്യതാ പരീക്ഷ – വിനിയോഗ സാക്ഷ്യപത്രമില്ല- 205000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 17 | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ റീവയറിംഗ് പദ്ധതി നടപ്പിലാക്കിയില്ല. | 3-6 |
| 18 | സെമി ഓട്ടോ അനലൈസർ സ്ഥാപിക്കൽ-67998 രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 19 | അംഗപരിമിതർക്ക് സ്കൂട്ടർ വാങ്ങി നൽകൽ – ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഇല്ല. 242375/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 20 | ലോഗ് ബുക്ക് ഹാജരാക്കിയില്ല-ചെലവ് തുക50000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 21 | നെടുമൺകാവ് സി.എച്ച്.സിയുടെ വൈദ്യുതിചാർജ് പിഴ അടവാക്കിയ 133/-രൂപ നിരാകരിക്കുന്നു | 3-10 |
| 22 | അനധികൃതനിർമ്മാണം നടപടി സ്വീകരിച്ചില്ല | 3-11 |
| 23 | വൈദ്യുതിചാർജ്-കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കിയില്ല. 682781/- രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 24 | പദ്ധതി നിർവ്വഹണത്തിൽ അവ്യക്തത ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 25 | വാങ്ങൽ നടപടികളിൽ അവ്യക്തത പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു. | 3-14 |
| 26 | വൈദ്യുതി ചാർജ് കൈപ്പറ്റ് രസീതിന്റെ പകർപ്പില്ല | 3-15 |
| 27 | ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-16 |

| | | |
|---|---|---|
| 28 | ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ-സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-17 |
| 29 | ഐ.എ.വൈ. വീട് നിർമ്മാണം പൂർത്തീകരിക്കുവാനുള്ളത് | 3-18 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പാ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 29.02.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.16 | 21.07.16 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 28.02.2017 | സർട്ടിഫിക്കറ്റ് ഖണ്ഡിക 4-10 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## ന്യൂനതകളുടെ സംഗ്രഹം

1.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തിയുടെ മൂല്യം വാർഷിക ധനകാര്യ പത്രികയുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

2.വാടക രജിസ്റ്റർ ഹാജരാക്കത്തതിനാൽ വാടകയിനത്തിലെ വരവിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളുടെ കൃത്യത ഉറപ്പാക്കാനാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19777711 |
| വരവ് | 123055261 |
| ആകെ | 142832972 |
| ചെലവ് | 91828763 |
| നീക്കിയിരിപ്പ് | 51004209 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 562552 | 24422383 | 24984935 | 24984935 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 5489 | 14244000 | 14249489 | 14249489 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 65000 | 62000 | 127000 | 127000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 249922 | 3623557 | 3873479 | 3873479 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | - | - | - | - | - | - |
| ബി ഫണ്ട് | 0 | 1193243 | 1193243 | 1193243 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 90 | 102678052 | 87 | 44414555 | | 3 | 96.6 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 93695 | 153010 | 59315 | 63 |
| മറ്റുവരവുകൾ | 2882500 | 3091823 | 209323 | 7 |
| ആകെ | 2976195 | 3244833 | 268638 | 9 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.02.17-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം അപര്യാപ്തമാണ്. വരവ് സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ തനത് വരുമാനം സംബന്ധിച്ച വ്യക്തമായ ധാരണ ഉദ്യോഗസ്ഥർക്കില്ല. അവശ്യം സൂക്ഷിക്കേണ്ട ഇൻകുമ്പൻസി, അഡ്വാൻസ് ഡെപ്പോസിറ്റ്, ആസ്തി രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2016 | 2015-16 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2014 | 01.04.10 മുതൽ 31.03.13 വരെ. | 11.04.2014. |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു-1,26,963/-രൂപ നഷ്ടം

2015-16 Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ച് കരാറുകാർക്ക്/കൺവീനർമാർക്ക് ഫൈനൽ ബില്ല് തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate-ന്റെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് കരാറുകാർക്ക് 7756.68/m3 ഉം ഗുണഭോക്തൃകൺവീനർമാർക്ക് 6744.94/m3 (15% കുറവ് )ആണ്. 1.08.15 മുതൽ ഇത് യഥാക്രമം 8068.26/m3 -ഉം 7015.86/m3 മാണ് (Cost Index -1.476) എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു.

എം. ക്യൂബിന് 8006.65 രൂപ നിരക്കിൽ കരാറുകാർക്കും , 7,242.96 രൂപ നിരക്കിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്കും ഫൈനൽ ബില്ല് തയ്യാറാക്കി തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ടെണ്ടർ പ്രവൃത്തികൾ

| ക്ര. നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ അടങ്കൽ/ ടി.എസ്.നം.തീയതി | കോൺട്രാക്ടറുടെ പേരും എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@8006.65/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 7756/68 m3) | നഷ്ടം |
|---|---|---|---|---|---|---|
| 1. | 45/16-വട്ടവിള ജം.കണ്ണോത്ത് അപ്രോച്ച് റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-99/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/17.06.15 | ശ്രീ.അനിൽജിത്ത് കെ. -14/16 | 4,96,938/-രൂപ 16/29.10.15 | 31.80 -254611.47 രൂപ | 2,46,662.42 | 7,949 |
| 2. | 74/16-തേക്ക് വിള ആലുവിള റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-97/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/17.06.15 | ശ്രീ.ആർ.സുരേഷ് -12/16 | 499152/-രൂപ 14/28.10.15 | 24.10 -192960.26 രൂപ | 1,86,935.98 | 6,024 |
| 3. | 34/16-ഈയ്യുള്ളൂർ പാലം മുല്ലശ്ശേരി റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-102/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/17.06.15 | ശ്രീ.ജി.സുരേഷ് കുമാർ -20/16 | 498214/-രൂപ 25/31.12.15 | 23.39 -1,87,275.54 രൂപ | 1,81,428.74 | 5,847 |
| 4. | 37/16-പാറപ്പാട് കോളനി റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-160/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/17.06.15 | ശ്രീ.അശോകൻ വി -9/16 | 499152/-രൂപ 14/28.10.15 | 24.10-1,92,960 രൂപ | 1,86,935.98 | 6024 |
| 5. | 65/16-വി.എസ്.ഗ്രന്ഥശാല എച്ചിക്കുഴി റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-158/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.അശോകൻ വി -4/16 | 5,00,000/-രൂപ 31/17.02.16 | 25.30 -2,02568.24 രൂപ | 1,96,244 | 6,324 |
| 6. | 33/16-വട്ടമൺകാവ് | ശ്രീ.ആർ.സുരേഷ് -7/16 | 4,98,508/-രൂപ | 23.40 -1,87,355.61 | 1,81,506.31 | 5,849 |

| | | | | | | |
|---|---|---|---|---|---|---|
| | ഇരുമ്പനങ്ങാട് റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-101/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/17.06.15 | | 10/28.09.16 | രൂപ | | |
| 7. | 28/16-നെടിയാല പണയിൽ ജം റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-157/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.ആർ.സുരേഷ് -1/16 | 4,99,161/-രൂപ 19/28.11.15 | 24.10 -1,92,960.27 രൂപ | 1,86,935.98 | 6024 |
| 8. | 30/16-വിപണി നീലേശ്വരം റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-148/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.ആർ.സുരേഷ് -6/16 | 4,99,536/-രൂപ 12/28.09.15 | 22.70 -1,81,750.96 രൂപ | 1,76,076.64 | 5,674 |
| 9. | 38/16-മുട്ടറ ക്ഷേത്രം കടത്താനം റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-151/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.വി.അശോകൻ 5/16 | 5,00,000/-രൂപ 31/17.02.16 | 21.27 -1,70,301.44 രൂപ | 1,64,984.58 | 5,317 |
| 10. | 19/16-കറ്റക്കെട്ടിൽ ഗുരുദേവ റോഡ് കോൺക്രീറ്റിംഗ്-6,50,000/-(പ്ലാൻ)-104/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.ആർ.സുരേഷ് 8/16 | 6,49,918/-രൂപ 11/12.10.15 | 31.4 -2,51,408.91രൂപ | 2,43,559.75 | 7849 |
| 11. | 56/16-വയണംകുളം കോളനി റോഡ് കോൺക്രീറ്റിംഗ്-11,00,000/-(പ്ലാൻ)-106/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.വി.അനിൽകുമാർ28/16 | 1094891/-രൂപ 41 & 42/126.03.15 | 43.10 -3,45,086.61രൂപ | 3,34,312.908 | 10,774 |
| 12 | 22/16-പൊയ്കവിള പുളിമുക്ക് കോളനി റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-161/എ.ഇ.ഇ /എൽ.എസ്.ജി.ഡി | ശ്രീ.എസ്.രാജു -19/16 | 4,82,502/-രൂപ 23/22.12.15 | 23.29 -1,86,479/-രൂപ | 1,80,653.07 | 5826 |

| | | | | | | |
|---|---|---|---|---|---|---|
| | /കെ.റ്റി.ആർ/18.06.15 | | | | | |
| 13 | 15/16- പണയിൽ ചിറക്കടവ് റോഡ് കോൺക്രീറ്റിംഗ്- 5,00,000/-(പ്ലാൻ)- 103/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.ആർ.സുരേഷ് -21/16 | 4,83,257/-രൂപ 22/22.12.15 | 17.07 -1,36,673.51/-രൂപ | 1,32,406.52 | 4267 |
| 14 | 36/16- നസീല ഓഡിറ്റോറിയം മുസ്ലീം പള്ളി റോഡ് കോൺക്രീറ്റിംഗ്- 10,00,000/-(പ്ലാൻ)- 152/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.അനിൽജിത്ത് .കെ. -3/16 | 9,95,616/-രൂപ 6/11.09.15 | 42.32 -3,38,841.42/-രൂപ | 3,28,262.69 | 10,579 |
| 15 | 17/16- പനച്ചിവിള മാടൻവിള റോഡ് കോൺക്രീറ്റിംഗ്- 5,00,000/-(പ്ലാൻ)- 162/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.-ആർ .സുരേഷ് -15/16 | 4,99,161/-രൂപ 19/30.11.15 | 24.10 -1,92,960.26രൂപ | 1,86,935.98 | 6,024 |
| 16 | 73/16- വാപ്പാല ഗ്രാമകേന്ദ്രം ചാങ്ങോട് റോഡ് കോൺക്രീറ്റിംഗ്- 5,00,000/-(പ്ലാൻ)- 159/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.-എൻ.സതീഷൻ -13/16 | 4,99,490/-രൂപ 15/29.10.15 | 23.40 -1,87,355.61രൂപ | 1,81,506.31 | 5,849 |
| 17 | 47/16-മൂഴിയിൽ മാമ്പഴത്തോട്ടം റോഡ് കോൺക്രീറ്റിംഗ്- 5,00,000/-(പ്ലാൻ)- 105/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.-അനിൽകുമാർ -16/16 | 4,99,359/-രൂപ 18/31.10.15 | 16.7 -1,33,711.06 രൂപ | 1,29,536.56 | 4,175 |
| 18. | 29/16-ഇരട്ടക്കോട് ത്രിക്കവല റോഡ് കോൺക്രീറ്റിംഗ്- 5,00,000/-(പ്ലാൻ)- 147/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ/18.06.15 | ശ്രീ.-വി.അശോകൻ -33/16 | 4,99,481/-രൂപ 38 & 39/26.03.16 | 22.85 -1,82,951.95 രൂപ | 1,77,240.138 | 5,712 |
| | | | | ആകെ | | 1,16,087/രൂപ |

2.ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ പ്രവൃത്തികൾ

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ അടങ്കൽ/ടി.എസ് .നം/തീയതി | കൺവീനറുടെ പേരും എം.ബുക്ക് നം. | പ്രവൃത്തി മൂല്യം, ബിൽ നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (7242.96/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 7015.85/ m3) | നഷ്ടം |
|---|---|---|---|---|---|---|
| 1. | 84/16-ഈയല്ലൂർ പാലം റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-699/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ /03.10.15 | ശ്രീ.-മുഹമ്മദ് ഷെഫീക്ക് -22/16 | 4,71,698/-രൂപ 29/27.01.16 | 25.23 -1,82,739.88 രൂപ | 1,77,009.89 | 5,730 |
| 2 | 87/16-കോട്ടക്കുന്നിൽ കോളനി റോഡ് കോൺക്രീറ്റിംഗ്-5,00,000/-(പ്ലാൻ)-698/എ.ഇ.ഇ /എൽ.എസ്.ജി.ഡി /കെ.റ്റി.ആർ /03.10.15 | ശ്രീ.-ജയകുമാരി -26/16 | 4,71,616/-രൂപ 30/27.01.16 | 22.65 -1,64,053.04രൂപ | 158909/-രൂപ | 5,144 |
| | | | | | ആകെ തുക | 10,874/-രൂപ |

കൂടിയ നിരക്ക് അനുവദിച്ചതു നിമിത്തം ആകെ 1,26,961/-രൂപ ( 1,16,087+ 10874 രൂപ) നഷ്ടമായി തിട്ടപ്പെടുത്തുന്നു. തുക സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.8/25.02.17) മറുപടിയിൽ, എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർദ്ദേശപ്രകാരമാണ് പ്രസ്തുത നിരക്ക് നൽകിയതെന്നും, 1:2:4 കോൺക്രീറ്റിന് D.S.R Code 4.1.3 പ്രകാരമുള്ള നിരക്ക് mass concrete -ന് മാത്രമുള്ളതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

## 3-2 <u>അനർഹർക്ക് ആനുകൂല്യം -50000/- രൂപ നിരാകരിക്കുന്നു.</u>

<u>പദ്ധതി : പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.</u>

പദ്ധതി നമ്പർ : 97/16

<u>അടങ്കൽ</u>

വികസന ഫണ്ട് (എസ്.സി.പി) : 600000/- രൂപ

ചെലവ് : 600000/- രൂപ

ബിൽ നമ്പർ : 15/15-16 dt 30.03.16

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.രുഗ്മിണി, കല്ലിയറ വീട്,തേവലപ്പുറം പടിഞ്ഞാറ്, പവിത്രേശ്വരം, പുത്തൂർ ഹാജരാക്കിയ വിവാഹ സർട്ടിഫിക്കറ്റിൽ ടിയാളുടെ മകൾ സർക്കാർ ജീവനക്കാരിയാണെന്ന കാണുന്നു. റേഷൻ കാർഡിൽ (Rc No.1208013843) മാസവരുമാനം 100/- രൂപയും പുത്തൂർ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിൽ വാർഷിക വരുമാനം 30000/- രൂപയുമാണ് കാണിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരെയോ അവരുടെ ആശ്രിതരെയോ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കാൻ കഴിയുകയില്ല. സർക്കാർ ജീവനക്കാരിയായ മകളുടെ വിവാഹത്തിന് അമ്മയ്ക്ക് ധനസഹായം നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6/23.02.17) മറുപടി ലഭ്യമാക്കിയില്ല.

ഈ സാഹചര്യത്തിൽ അനർഹയായ ഗുണഭോക്താവിന് നൽകിയ ആനുകൂല്യം നിരാകരിക്കുന്നു. കൈപ്പറ്റിയ ആളിൽ നിന്നോ, വിതരണം ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നോ തുക തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ, ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി. ഭവാനി, കുളക്കോട് താഴതിൽ വീട്,പുല്ലാമല, തേവലപ്പുറം എന്നയാളുടെ അപേക്ഷയിൽ വിവാഹ തീയതി 14.04.2013 ആണെന്ന കാണുന്നു. അപേക്ഷ നൽകിയ തീയതി പൂരിപ്പിച്ച കാണുന്നില്ല.അപേക്ഷയോടൊപ്പമുള്ള ജാതി വരുമാന സർട്ടിഫിക്കറ്റുകളിലെ തീയതി 05.04.2013 ആണ്. നെടുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 17.02.16 ലെ V(1)-ാം നമ്പർ തീരുമാന പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിലാണ് ടിയാൾ ഉൾപ്പെട്ടിരിക്കുന്നത്. ഇതേ ആനുകൂല്യം നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ലെന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം 05.04.16 ലാണ് നൽകിയിരിക്കുന്നത്.

വിവാഹ തീയതിക്ക് ഒരു മാസം മുൻപ് ധനസഹായത്തിനുള്ള അപേക്ഷ നൽകണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. അപേക്ഷ നൽകാൻ വൈകിയാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച കാണുന്നുമില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6 തീയതി, 23.02.17) മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യ വിതരണത്തിന് അവശ്യം പാലിക്കേണ്ട സമയക്രമം പിൻതുടരാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### **3-3** <u>കോട്ടെക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് –എർത്ത് വർക്ക് എസ്കവേഷനു ബ്ലാസ്റ്റിംഗ് നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല-നിരാകരിക്കുന്ന തുക **-35,498/**രൂപ</u>

പ്രൊജക്റ്റ് നം.-87/16, അടങ്കൽ തുക – 5,00,000/-രൂപ(വികസന ഫണ്ട്)
ടി.എസ്.നം.698/A.E.E./LSGD/KTR/15-16/തീ.3.10.15
എഗ്രിമെന്റ് നം. 40/ A.E.E./LSGD/KTR/15-16/തീ.16.11.15
കൺവീനർ -ശ്രീമതി.ജയകുമാരി.എസ്, കൊച്ചുവിള വീട്, ഇടയ്ക്കോട് ,എഴുകോൺ
എം.ബുക്ക് നം.26/15-16
ബിൽ നം.30/15-16-27.1.16

ഗുണഭോക്തൃ സമിതി നടത്തിയ ടി മരാമത്ത് പ്രവൃത്തിയിൽ 68 എം.3 Earth work excavation by mechanical means...blasting prohibited(D.S.R.Code 2.7.3) – ന് 793.43 /എം.3 നിരക്കിൽ 53,953.24 രൂപ അനുവദിച്ചു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സ്ഥലം ‘water logged area’ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

25.02.17 - ന് ബന്ധപ്പെട്ട എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത റോഡിന്റെ 30 മീറ്ററിൽ (ആകെ നീളം 151 മീറ്റർ) സർഫസ് ഡ്രസ്സിംഗ്, ബാക്കി 121 മീറ്ററിൽ Earth work excavation by mechanical means Ordinary rock (D.S.R.Code 2.28.1) മാത്രം അനുവദനീയമാണെന്ന് ബോധ്യപ്പെട്ടു.ഇപ്രകാരം തെറ്റായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി ആയത് അംഗീകരിച്ച് അധിക നിരക്കും, തുകയും കൺവീനർക്ക് അനുവദിച്ചതിന് കാരണം വ്യക്തമാക്കുന്നതിന് ഉത്തരവാദിയായ എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എന്നിവർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.13/27.02.17 ) മറുപടിയിൽ, 30 മീറ്ററിൽ ഫില്ലിംഗ് നടത്തുന്നതിന് എസ്കവേഷനിൽ ലഭിച്ച മെറ്റീരിയൽ ഉപയോഗിച്ചതായും, Earth work excavation–ന് അധികരിച്ച നിരക്ക് അനുവദിച്ചതിൽ പിഴവ് വന്നതായും ബോധിപ്പിച്ചിട്ടുണ്ട്. അനുവദിച്ചത്/അനുവദനീയമായ തുക ചുവടെ രേഖപ്പെടുത്തുന്നു.

അനുവദിച്ചത് :

68 എം.3 ന് 793.43 രൂപ (1 എം.3)നിരക്കിൽ - 53,953.24/- രൂപ
(D.S.R.Code 2.7.3)

അനുവദിക്കാവുന്നത് :

1.(a) 54.05 എം.3 ( 68 എം.3- 13.95 എം.3 അതായത് 30 മീറ്ററിൽ സർഫസ് ട്രസ്സിംഗ് അനുവദിച്ച് ) - ന് 313.95 രൂപ (1 എം.3)നിരക്കിൽ -16,969/- രൂപ
(D.S.R.Code 2.7.1 - Earth work excavation..ordinary rock)
(b) Surface dressing 93 എം 2 (30 മീറ്ററിൽ 3.10 വീതി) 15.98 രൂപ എം 2 നിരക്കിൽ (D.S.R. Code 2.28.1 ) - 1,486/-രൂപ
ആകെ – 18,455/-രൂപ

അനുവദിച്ച അധിക തുക : 35,498/രൂപ (53,953.24/രൂപ -18,455/-രൂപ). ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിറ്റന്റ് എൻജിനീയറിൽ നിന്നും അസി.എക്സിക്യൂട്ടിവ് എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കി രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.



**3-4** ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റില്ലാതെ പദ്ധതി നിർവ്വഹണം. പദ്ധതി : ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സ്ഡി.

പദ്ധതി നമ്പർ : 8/16

അടങ്കൽ

വികസന ഫണ്ട് (പൊതുവിഭാഗം) : 600000/-രൂപ

ചെലവ് : 389110

ബിൽ നമ്പർ : 1/15-16 dt 13.10.15 - 107000/-രൂപ

: 2/15-16 dt 18.12.15 - 179513/-രൂപ

: 3/15-16 dt 23.1.16 - 232000/-രൂപ

: 4/15-16 dt 31.3.16 - 79397/-രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകാനാണ് പദ്ധതി ആവിഷ്കരിച്ചത്. ഒരു ലിറ്റർ പാലിന് 2 രൂപ നിരക്കിൽ ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വിതരണം ചെയ്യുകയും ഇൻവോയ്സ് പ്രകാരം സംഘത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകുകയുമാണ് ചെയ്തത്.

ക്ഷീരസംഘങ്ങൾ നൽകിയ ഗുണഭോക്തൃ ലിസ്റ്റ് മാത്രമാണ് പദ്ധതി നടപ്പിലാക്കാനായി പരിഗണിച്ചിട്ടുള്ളത്. അതാത് ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.5 തീയതി 23.02.17) ക്ഷീരവികസന ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഗ്രാമസഭകൾ കഴിഞ്ഞുപോയ സാഹചര്യത്തിൽ, ഗുണഭോക്താവിന്റെ യോഗ്യത നേരിട്ട് ഉറപ്പു വരുത്തിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും വിശദീകരിച്ചിട്ടുണ്ട്.

ആയത് ശരിയായ നടപടിക്രമമല്ല. വരും വർഷങ്ങളിൽ ഗ്രാമസഭകൾ വഴി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കു മാത്രമായി ആനുകൂല്യ വിതരണം പരിമിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പത്താംതരം തുല്യതാപഠനം-വിനിയോഗസാക്ഷ്യപത്രമില്ല-2,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പത്താംതരം തുല്യതാപഠനം (പ്രോജക്റ്റ് നം.46/15-16)

സെക്രട്ടറി നിർവ്വഹണം നടത്തിയ പത്താംതരം തുല്യതാപഠനം എന്ന പദ്ധതിക്ക് വേണ്ടി 1,05,000/-രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി 1,05,000/-രൂപ, ബിൽ നം.21/15, തീയതി, 24.02.2016 (ഡി.ഡി.നം. 040131/01-03-16) പ്രകാരം സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം (ഓഡിറ്റന്വേഷണം നം. 7/15-16 തീയതി 25-02-17) ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

പത്താം തരം തുല്യതാപഠനത്തിനായി SSLCഗ്രേഡ് സിസ്റ്റം പ്രകാരം പഠനം നടത്തിയവർ അപേക്ഷ സമർപ്പിച്ചാൽ ആയവ നിരസിക്കപ്പെടണം എന്നാണ്.എന്നാൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രേഡ് സിസ്റ്റം പ്രകാരം പഠനം നടത്തിയ രമ്യ.കെ, ലാൽകുമാർ.എസ്,അദ്വൈത്.ആർ എന്നിവർക്കും കോഴ്സ് ഫീ നൽകിയിരിക്കുന്നു.

പത്താംതരം തുല്യതാ പഠനം (പ്രോജക്റ്റ് നം.5/15-16)

സെക്രട്ടറി നിർവ്വഹണം നടത്തിയ പത്താംതരം തുല്യതാപഠനം എന്ന പദ്ധതിക്ക് വേണ്ടി 1,00,000/-രൂപാ വികസനഫണ്ടിൽ നിന്നും വകയിരുത്തിയതിൽ 1,00,000/-രൂപ (ഡി.ഡി.നം. 036754 തീയതി.13-10-15) പ്രകാരം സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം (ഓഡിറ്റന്വേഷണം നം.7/15-16 തീയതി.25-02-17)ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കും വരെ 2,05,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കൊട്ടാരക്കര താലൂക്ക് ആശുപത്രി റീ വയറിംഗ്-പദ്ധതി നടപ്പിലാക്കിയില്ല

മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 5,00,000/-രൂപ വകയിരുത്തി കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കൊട്ടാരക്കര താലൂക്ക് ആശുപത്രി റീ വയറിംഗ് (പ്രോജക്റ്റ് നം.62/16) എന്ന പദ്ധതിക്ക് വേണ്ടി 4,99,275/-രൂപ, ബിൽ നം.11/15-16, തീയതി, 28/03.2016 പിൻവലിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം.041081തീയതി. 30-03-16). നാളിതുവരെയായിട്ടും കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ റീവയറിംഗ് ആരംഭിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1)GO(P) No.311/14/Fin dt.30-07-2014 ഉത്തരവിൻ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20%

(99,855/-) രൂപ മാത്രമാണ് ആദ്യ ഗഡുവായി നൽകേണ്ടിയിരുന്നത്. പിന്നീട് വർക്കിന്റെ പുരോഗതി അനുസരിച്ച് 2 മുതൽ 5വരെ തുല്യ ഗഡുക്കളായി 74,891/- രൂപ വീതവും തൃപ്തികരമായി പണി പൂർത്തീകരിച്ച് കഴിയുമ്പോൾ 5% തുകയായ 24,964/- രൂപയുമാണ് നൽകേണ്ടിയിരുന്നത്. ഈ ഉത്തരവിന് വിരുദ്ധമായി മുഴുവൻ തുകയും ആദ്യ ഗഡുവായി നൽകിയിരിക്കുന്നു.

2)മേൽ ഉത്തരവിൻ പ്രകാരം പി.ഡബ്ല്യൂ.ഡി. യുമായി കരാറിലേർപ്പെടണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ചമച്ച കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അടിയന്തിരമായി പണി പൂർത്തീകരിച്ച് പി.ഡബ്ല്യൂ.ഡി.യിൽ നിന്നുമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 4,99,275/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 സെമി ഓട്ടോ അനലൈസർ സ്ഥാപിക്കൽ-**67,998/-**രൂപ തടസ്സം

കൊട്ടാരക്കര താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 72758/-രൂപ അടങ്കൽ തുക നിശ്ചയിച്ച് വിഭാവനം ചെയ്ത പദ്ധതിയാണ് സെമി ഓട്ടോ അനലൈസർ സ്ഥാപിക്കൽ(പ്രോജക്ട് നം.61/15-16).

Robonik എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നമ്പർ.304 തീയതി.14-10-15 പ്രകാരം വാങ്ങിയ സെമി ഓട്ടോ അനലൈസറിന്റെ വിലയിനത്തിൽ 67,998/-രൂപ, ബിൽ നം.7/15-16, തീയതി, 19/03/2016 (ഡി.ഡി.നം.41073 തീയതി.30-03-16 ) Robonik ന് നൽകിയിട്ടുണ്ട്. മേൽ വാങ്ങൽ നടപടിയിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെ.എം.എസ്.സി.എൽ മുഖേനെ വാങ്ങണമെന്നിരിക്കെ Robonik എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റന്വേഷണം നം.14/15-16 തീയതി.28-02-17 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.

2)നേരിട്ട് വാങ്ങൽ നടത്തിയ സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, ലഭിച്ച മറ്റ് ക്വട്ടേഷനുകൾ എന്നിവ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ഹാജരാക്കും വരെ ഈയിനത്തിൽ ചെലവഴിച്ച 67,998/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 അംഗപരിമിതർക്ക് സ്കൂട്ടർ വാങ്ങി നൽകുവാൻ ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രമില്ല-**2,42,375/-**രൂപാ തടസ്സം

അംഗപരിമിതർക്ക് സ്കൂട്ടർ വാങ്ങി നൽകുവാൻ ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ(പ്രോജക്ട് നം.71 /15-16) പദ്ധതിയ്ക്കായി സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് വികസനഫണ്ടിൽ നിന്നും 2,42,375/-രൂപ അടങ്കൽ തുക വകയിരുത്തിയിരുന്നു.

ബിൽ നം.2/15-16 തീയതി.24-02-16 പ്രകാരം പിൻവലിച്ച 2,42,375 /- രൂപാ

ഡി.ഡി.നം.040132 തീയതി 01-03-2016 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റന്വേഷണം നം.2/15-16 തീയതി22-02-2017പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ഓഡിറ്റന്വേഷണത്തിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 2,42,375/-രൂപാ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 ലോഗ് ബുക്ക് ഹാജരാക്കിയില്ല – ചെലവ് തുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ബി - ഫണ്ടിൽ നിന്നും നെടുമൺകാവ് സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസറുടെ പേരിൽ അനുവദിച്ച 50000/- രൂപാ ട്രഷറി ബിൽ CB. No.3 തീയതി 30.03.16 പ്രകാരം മാറി KL.01.K 9008 നമ്പർ വാഹനത്തിന്റെ ഇന്ധന ചെലവിനായി മാത്രം ഉപയോഗിച്ചിട്ടുണ്ട്.പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ലോഗ് ബുക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 27.02.17 -ൽ നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇന്ധന ചെലവിനായി ഉപയോഗിച്ച 50000/- രൂപാ തടസ്സപ്പെടുത്തുന്നു. ലോക് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-10 നെടുമൺകാവ് സി.എച്ച്.സി യുടെ വൈദ്യുതി ചാർജ് - പിഴ അടവാക്കി.

2015-16 ലെ നെടുമങ്കാവ് സി.എച്ച്.സി ആശുപത്രിയുടെ വെള്ളക്കരം/ വൈദ്യുതി ചാർജ് അടയ്ക്കൽ പദ്ധതി (നമ്പർ 60/15-16) പ്രകാരം വൈദ്യുതി ചാർജും വെള്ളക്കരവും അടയ്ക്കുന്നതിനായി ട്രഷറി ബിൽ C.B No.2 തീയതി 30.03.2016 പ്രകാരം പിൻവലിച്ച 200000/- രൂപ അടവാക്കിയതിൽ വിവിധ രസീതുകളിലായി 133/- രൂപ പിഴയായി ഒടുക്കിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | വൗച്ചർ നമ്പർ | വൈദ്യുതി ചാർജ് | പിഴ |
|---|---|---|---|---|
| 1 | 01.11.14 | 1/2015-16 | 3160 | 13 |
| 2 | 01.11.14 | 2/2015-16 | 10070 | 40 |
| 3 | 06.05.15 | 3/2015-16 | 9767 | 48 |
| 4 | 06.05.15 | 4/2015-16 | 3622 | 18 |
| 5 | 07.07.15 | 5/2015-16 | 2606 | 2 |
| 6 | 24.08.15 | 7/2015-16 | 13185 | 9 |
| 7 | 24.08.15 | 8/2015-16 | 3855 | 3 |
| | | | ആകെ തുക | 133 |

യഥാസമയം വൈദ്യുത ബിൽ ഒടുക്കു വരുത്താതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 27.02.17-ൽ നൽകിയ 9/15-16 നമ്പർ

ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കുന്നതിനും പിഴ ഒടുക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 <u>അറ്റകുറ്റപ്പണി പൂർത്തിയാക്കിയ കടമുറികൾ വാടകയ്ക്ക് നൽകിയില്ല. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല.</u>

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചന്തമുക്കിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴത്തെ 2 കടമുറികൾ 15-16 ലെ പദ്ധതി നം.67/16 ൽ ഉൾപ്പെടുത്തി 175966/- രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും നാളിതുവരെ ആയത് വാടകയ്ക്ക് നൽകുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

25.02.17-ൽ ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വാടക നൽകി പ്രവർത്തിക്കുന്ന പ്രസ്സ് ക്ലബ് അധികാരികൾ സ്റ്റെയർകെയ്സ് മാറ്റി സ്ഥാപിക്കുന്നതിന് അറ്റകുറ്റപ്പണിയുടെ ഭാഗമായി സ്ഥാപിച്ച സ്റ്റീൽ ട്രെസ് വർക്കിന്റെ ഒരു ഭാഗം നീക്കം ചെയ്ത് കെട്ടിടത്തിന്റെ മുകളിലേക്ക് സ്റ്റീൽ സ്റ്റെയർകെയ്സ് സ്ഥാപിച്ചതായി ബോദ്ധ്യപ്പെട്ടു. ഇത്തരത്തിൽ ഒരു നിർമ്മാണ പ്രവർത്തി നടപ്പിലാക്കുന്നതിന് മുൻപ് ബ്ലോക്ക് പഞ്ചായത്തിന്റെ രേഖാ മൂലമുള്ള അനുവാദം വാങ്ങിയിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് 28.02.17 ന് ഓഡിറ്റന്വേഷണം (15) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഗണ്യമായ തുക ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയ കെട്ടിടം ഏറെ വാണിജ്യ പ്രാധാന്യമുള്ള മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ വാടക ഇനത്തിൽ ലഭിക്കേണ്ട ഗണ്യമായ തുക നഷ്ടപ്പെടുത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയത് വാടകയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.




അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് ആസ്തി സംരക്ഷണത്തിൽ മതിയായ ജാഗ്രത പുലർത്താതിരുന്നത് ആശാസ്യകരമല്ല. അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം

ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 <u>വൈദ്യുതി ചാർജ് - കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കിയില്ല – ചെലവ് തുക 682781/- രൂപ തടസ്സപ്പെടുത്തുന്നു.</u>

<u>പദ്ധതിയുടെ പേര് : കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം വൈദ്യുതി ചാർജ് അടയ്ക്കൽ.</u>

പദ്ധതി നമ്പർ : S0059/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കൊട്ടാരക്കര.

പദ്ധതി അടങ്കൽ : 1200000/-രൂപ

പദ്ധതി ചെലവ് : 1200000/-രൂപ

ബിൽ നമ്പർ : 03/20.10.15

കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ 2015 മാർച്ച് മുതൽ ജൂലൈ വരെയുള്ള വൈദ്യുതി ചാർജ് അടവാക്കുന്നതിനായി 03/20.10.15 നമ്പർ ബിൽ പ്രകാരം 682781/-രൂപ മാറിയിട്ടുണ്ട്. വൈദ്യുതി ചാർജിന്റെ ഡിമാന്റ് നോട്ടീസുകളാണ് ഓഡിറ്റിൽ ഹാജരാക്കിയത്. പ്രസ്തുത ഡിമാന്റ് നോട്ടീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിമാന്റ് നോട്ടീസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 2102811376185 | 07.03.15 | 148774 |
| 2 | 2102811382467 | 06.04.15 | 138667 |
| 3 | 2102811393005 | 05.05.15 | 140552 |
| 4 | 2102811400379 | 04.06.15 | 149834 |
| 5 | 2102811410412 | 08.07.15 | 104954 |
| | | ആകെ തുക | 682781 |

ഇലക്ട്രിസിറ്റി ചാർജ് അടവാക്കിയതിന്റെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കിയില്ല. ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് 27.02.2017- ൽ നൽകിയ 12/15-16 നമ്പർ ഓഡിറ്റന്വേഷണത്തിന് മറിപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ ചെലവാക്കിയ 682781/- രൂപ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 <u>പദ്ധതി നിർവ്വഹണത്തിൽ അവ്യക്തത. ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

<u>പദ്ധതി : പട്ടികജാതിക്കാരായ ടെക്നിക്കൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം.</u>

പദ്ധതി നമ്പർ : 50/16

ചെലവ് : 209400/- രൂപ

ബിൽ നമ്പർ : 17/15-16 dt 31.03.16

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അംഗീകൃത പദ്ധതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.പട്ടികജാതി വികസന ഡയറക്ടറുടെ 23.11.15ലെ എഡ്യു.A1-13334/14-ാം നം. ഉത്തരവ് പ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അനുബന്ധ രേഖകളിൽ കാണുന്നു.ആയത് പ്രകാരം പട്ടികജാതി വകുപ്പ് മുഖേന വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹത നേടിയിട്ടുള്ള വർക്കാണ് ഈ ആനുകൂല്യം വിതരണം ചെയ്യേണ്ടത്. എന്നാൽ ഗുണഭോകാതാക്കൾ ഈ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് അപേക്ഷകളിൽ നിന്നും വ്യക്തമാകുന്നില്ല.

3.ബി.ടെക്, എം.സി.എ, എം.ടെക് വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ ആനുകൂല്യം മറ്റ് വിദ്യാർത്ഥികൾക്കും നൽകികാണുന്നു.

4.ഗുണഭോക്താവ് ലാപ്പ്ടോപ്പ് വാങ്ങിയശേഷം ബിൽ ഹാജരാക്കുമ്പോൾ ചെലവ് തുക / 25000 രൂപ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കെൽട്രോണിൽ ന്നും 34900/- രൂപ വിലയുള്ള ലാപ്പ്ടോപ്പുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

5)18.03.2015 ലെ സർക്കാർ ഉത്തരവ്(സാധാ)നം- 787/15 ത.സ്വ.ഭ.വ ഉത്തരവിൽ പട്ടികജാതി /പട്ടിക വർഗ്ഗക്കാരായ പ്രൊഫഷണൽ ,പോസ്റ്റ്ഗ്രാഡ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ ,പോളിടെക്നിക്ക് വിദ്യാർത്ഥികൾ എന്നിവർക്ക് കമ്പ്യൂട്ടർ ലാപ് ടോപ്പ് വാങ്ങി നൽകാൻ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

6)സർക്കാർ ഉത്തരവ് (സാധാ) നം. 1838/12 ത.സ്വ.ഭ.വ തീയതി .03.07.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം അതാത് സമയത്ത് നൽകുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണമെന്നും ഡി.ജി.എസ് ആന്റ് ഡി റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് ഡി.ജി.എസ് ആന്റ് ഡി റേറ്റ് കോൺട്രാക്ട് നിരക്കുകൾ നിലവിലില്ലങ്കിലോ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.6 തീയതി 23.02.17) മറുപടി ഹാജരാക്കിയില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവുതുകയായ 209400/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 വാങ്ങൽ നടപടികളിൽ അവ്യക്തത. ചെലവ് തുക തടസ്സപ്പെടുത്തുന്നു. പദ്ധതി : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ.

പദ്ധതി നമ്പർ : 98/16

അടങ്കൽ

വികസന ഫണ്ട് (എസ്.സി.പി) : 238039

തനത് ഫണ്ട് : 76961/- രൂപ

ആകെ : 315000/- രൂപ

ചെലവ് : 282975/- രൂപ

ബിൽ നമ്പർ : 16/15-16 dt 31.03.16

അംഗീകൃത പദ്ധതിയിൽ ലാപ്പ്ടോപ്പ് വാങ്ങുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പരാമർശിച്ചിട്ടില്ല.കൊച്ചി കടവന്ത്രയിലുള്ള സ്മാർട്ട് ടെക്നോളജിയിൽ നിന്നും 40425 രൂപ നിരക്കിൽ 7 ഏസർ ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6 തീയതി.23.02.17) മറുപടി ഹാജരാക്കിയില്ല.

പട്ടിക ജാതിക്കാർക്കാരായ ടെക്നിക്കൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം ഏസർ ലാപ്പ്ടോപ്പുകൾ 34900/- രൂപയ്ക്കാണ് 2015-16 വർഷം പട്ടികജാതി വികസന ഓഫീസർ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. 18.03.2015 ലെ സർക്കാർ ഉത്തരവ്(സാധാ)നം- 787/15 ത.സ്വ.ഭ.വ ഉത്തരവിൽ പട്ടികജാതി /പട്ടിക വർഗ്ഗക്കാരായ പ്രൊഫഷണൽ, പോസ്റ്റ്ഗ്രാഡ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ, പോളിടെക്നിക്ക് വിദ്യാർത്ഥികൾ എന്നിവർക്ക് കമ്പ്യൂട്ടർ/ലാപ് ടോപ്പ് വാങ്ങി നൽകാൻ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കാതെ ഏജൻസി വിതരണം ചെയ്ത ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്. അതേ വർഷം തന്നെ മറ്റൊരു പദ്ധതിക്കുവേണ്ടി ഇതിലും കുറഞ്ഞ നിരക്കിൽ ലാപ്പ്ടോപ്പുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 282925/- രൂപ തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-15 <u>വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ് - കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കിയില്ല – ചെലവ് തുക 26068/- രൂപ തടസ്സപ്പെടുത്തുന്നു.</u>

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ബി - ഫണ്ടിൽ നിന്നും നെടുമങ്കാവ് സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസറുടെ പേരിൽ അനുവദിച്ച 99363/- രൂപ ട്രഷറി ബിൽ CB No.1 തീയതി 30.03.16 പ്രകാരം മാറി ഇലക്ട്രിസിറ്റി ചാർജും ടെലഫോൺ ചാർജും അടയ്ക്കുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്.ടി. തുകയുടെ വൗച്ചറുകളിൽ താഴെ പറയുന്ന ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 9 | 25.02.15 | ഇലക്ട്രിസിറ്റി ചാർജ് | 3613 |
| 2 | 10 | 25.02.15 | ഇലക്ട്രിസിറ്റി ചാർജ് | 9257 |

| | | | | |
|---|---|---|---|---|
| 3 | 12 | 09.05.14 | ടെലഫോൺ ചാർജ് | 4836 |
| 4 | 19 | 23.12.14 | ടെലഫോൺ ചാർജ് | 5670 |
| 5 | 20 | 20.12.15 | ടെലഫോൺ ചാർജ് | 2692 |
| ആകെ തുക | | | | 26068 |

പ്രസ്തുത ബില്ലുകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 27.02.17 ൽ നൽകിയ 9/15-16 നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടെലഫോൺ ചാർജ്, ഇലക്ട്രിസിറ്റി ചാർജ് എന്നീ ഇനങ്ങളിൽ ചെലവാക്കിയ 26060/- രൂപ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

വൈദ്യുത ചാർജ് അടവാക്കിയതിൽ വിവിധ രസീതുകളിലായി 141/- രൂപാ പിഴ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | വൈദ്യുതി ചാർജ് | പിഴ |
|---|---|---|---|---|
| 1 | 1 | 28.05.14 | 14075 | 79 |
| 2 | 2 | 28.05.14 | 4930 | 28 |
| 3 | 5 | 29.08.14 | 4077 | 11 |
| 4 | 6 | 29.08.14 | 1735 | 5 |
| 5 | 7 | 24.12.14 | 3228 | 5 |
| 6 | 8 | 24.12.14 | 9292 | 13 |
| ആകെ തുക | | | | 141 |

യഥാസമയം വൈദ്യുത ബിൽ ഒടുക്കുവരുത്താത്തതിന്റെ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 27.02.17 ൽ നൽകിയ 9/15-16 നമ്പർ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വൈദ്യുതി ചാർജ് യഥാസമയം ഒടുക്കുന്നതിനും പിഴ നൽകുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ബ്ലോക്ക്പഞ്ചായത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ-പദ്ധതി നിർവഹണത്തിലെ അപാകതകൾ

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തനത്ഫണ്ടിൽ നിന്നും 3,00,000/-രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കുവാനുദ്ദേശിച്ച പദ്ധതിയാണ് ബ്ലോക്ക്പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (നം.80/16 ).പദ്ധതി തയ്യാറാക്കുന്നതിൽ തുടങ്ങി നിർവ്വഹണത്തിലും ഓഡിറ്റിന് രേഖകൾ ഹാജരാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ പ്രോജക്ടിൽ പ്രോജക്ടിന്റെ പേര് മലയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് 'ബ്ലോക്ക്പഞ്ചായത്തിലേക്ക് ഫർണിച്ചർ വാങ്ങൽ' എന്നാണ്.

ഉദ്ദേശിച്ചിരിക്കുന്ന ഉപമേഖല 'കമ്പ്യൂട്ടർ വൽക്കരണവും സേവനം മെച്ചപ്പെടുത്തലും' എന്നതാണ്. തനത് ഫണ്ടിൽ നിന്നും 3,00,000/-രൂപ വകയിരുത്തിയ ടി പദ്ധതിക്ക് തൻവർഷം ചെലവില്ല എന്നാണ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ 53810/- രൂപയുടെ ചെലവ് രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സിഡ്കോയുടെ 85,297/-രൂപയുടെ ഇൻവോയ്സിൻ(Invoice No.SSEKLM0579 dt.04-03-16) പ്രകാരം 5 അലമാരകളുടെ (Godrej 20G Steel cabinet with 4 fixed shelves) വിലയിനത്തിൽ തനത്ഫണ്ടിൽ നിന്നും 53,810/-രൂപ (ചെക്ക് നം. 040742 തീയതി. 24-03-16) സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള ബാക്കി 31487/- രൂപ നൽകിയതിന്റെ രേഖകളില്ല.

മേൽ പരാമർശിച്ചിട്ടുള്ള ഇൻവോയ്സിൽ plastic moulded arm chair-50 എണ്ണം നീൽകമൽ കസേരകളും ഉൾപ്പെട്ടിട്ടുണ്ട്. ടി കസേരകൾ ഏത് പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയെന്ന ഓഡിറ്റന്വേഷണത്തിന് (നം.2/ 15-16തീയതി. 22-02-17)മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ടി കസേരകൾ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്ത് പഞ്ചായത്ത് കോൺഫറൻസ്ഹാളിലെ ഉപയോഗത്തിനെടുത്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ ആവശ്യത്തിനായി ഫർണിച്ചർ വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ അലമാരയിൽ ഒന്ന് വെറ്ററിനറി സർജനാണ് നൽകിയിരിക്കുന്നത്. ഈ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും ഫയലുകൾ സൂക്ഷിക്കുന്നതിലും സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 3-17 ഗുണഭോക്തൃസമിതികൾ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ല

2015-16 വർഷത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ,സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിക്കാതെ പണികൾ നടത്തിയതിനാൽ പ്രവൃത്തികളുടെ നിവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല എന്നു വിലയിരുത്തുന്നു. കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1)പണമിടപാടുകൾ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേന നടത്തുന്നില്ല

ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ട് മുഖേനയാണ്, നിർവ്വഹിക്കുന്ന പ്രവൃത്തിയുടെ എല്ലാ ചെലവുകളും നിർവ്വഹിക്കേണ്ടത്. അതിനാൽ തന്നെ ലക്ഷക്കണക്കിന് രൂപയുടെ സാധനസാമഗ്രികൾ ക്യാഷ് അടിസ്ഥാനത്തിൽ വാങ്ങിയ ഇടപാടുകളിലെ സുതാര്യത ബോധ്യപ്പെടുന്നില്ല.

2)രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഗുണഭോക്തൃ സമിതി രൂപീകരിക്കുന്നതിനുള്ള നോട്ടീസ് ,പ്രവൃത്തികളുടെ മിനിട്ട്സ് ബുക്ക്,

ബില്ലുകൾ, മസ്റ്റർ റോളുകൾ, വരവ്-ചെലവ് കണക്കുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥൻ അവ സാക്ഷ്യപ്പെടുത്തുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട്.

മിനിട്ട്സ് പുസ്തകം എഴുതാതിരിക്കുക, എഴുതിയാൽ തന്നെ അപൂർണ്ണമായി സൂക്ഷിക്കുക, കണക്കുകൾ സമിതി അംഗീകരിച്ചതിന്റെ വിവരം എഴുതാതിരിക്കുക, സാധന സാമഗ്രികൾ അംഗീകൃത ഡീലറിൽ നിന്നും  വാങ്ങാതിരിയ്ക്കുക എന്നീ അപാകതകളും കാണപ്പെടുന്നു.

3) പ്രവൃത്തികളുടെ നിർവ്വഹണ കാലാവധി എഗ്രിമെന്റിൽ രേഖപ്പെടുത്തുന്നില്ല

പ്രവൃത്തികൾ നടത്തുന്ന ഗുണഭോക്തൃ സമിതി കൺവീനർമാർ ബ്ലോക്ക് ഗ്രാമപഞ്ചായത്തുമായി ഏർപ്പെടുന്ന കരാറിൽ നിർവ്വഹണകാലാവധി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി ആരംഭിച്ച തീയതി വ്യക്തമല്ല.നിശ്ചിത കാലാവധിയ്ക്കകം പൂർത്തീകരണം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ കാലതാമസം വരുത്തുന്ന കേസുകളിൽ കൺവീനർമാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമാകുന്നു.

അംഗീകൃത ഏജൻസികൾ/ഡീലർമാരിൽ നിന്നും അല്ലാതെ വാങ്ങുന്ന നിർമ്മാണസാമഗ്രികളുടെ നികുതി ഇനത്തിലെ വരുമാനം സർക്കാരിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു. സാമ്പത്തിക വ്യവസ്ഥിതിയിൽ കള്ളപ്പണത്തിന്റെ ഭാഗമായി സർക്കാർ ഫണ്ട് തന്നെ ഉപയോഗിക്കപ്പെടുന്ന സാഹചര്യവും സൃഷ്ടിക്കപ്പെടുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ, മതിയായതും നിയമം അനുശാസിക്കുന്നതുമായ രേഖകൾ ഉണ്ടെന്ന് ഉറപ്പാക്കാതെയും മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ലാതെയും ഗുണ ഭോക്തൃ സമിതി കൺവീനർമാർക്ക് തുക അനുവദിച്ചത്, തുടർ നടപടികൾക്കായി മേലധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-18 2015-16ൽ ഐ.എ.വൈ.ആനുകൂല്യം കൈപ്പറ്റിയവരിൽ വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവ രുടെ വിശദാംശങ്ങൾ

2015-16 ൽ വിവിധ ഗ്രാമ പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ.വിഹിതം നൽകിയതിന്റെയും ആയത് ഉപയോഗപ്പെടുത്തിയതിന്റെയും വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവരുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | കരാർ ചമച്ചത് | | | | വീടുകൾ പൂർത്തീ കരിച്ചത് | | | | വീടുകൾ പൂർത്തീകരി ക്കാനുള്ളത് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ജനറൽ | മൈനോറിറ്റി | എസ്.സി | ആകെ | ജനറൽ | മൈനോറിറ്റി | എസ്.സി | ആകെ | ജനറൽ | മൈനോറിറ്റി | എസ്.സി | ആകെ |
| കൊട്ടാരക്കര | 9 | 7 | 9 | 25 | 8 | 7 | 4 | 19 | 1 | - | 5 | 6 |
| നെടുവത്തൂർ | 14 | 12 | 28 | 54 | 12 | 8 | 8 | 28 | 2 | 4 | 20 | 26 |
| എഴു | 14 | 9 | 27 | 50 | 12 | 6 | 16 | 34 | 2 | 3 | 11 | 16 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| കോൺ | | | | | | | | | | | |
| കരീ പ്ര | 16 | 5 | 29 | 50 | 14 | 5 | 13 | 32 | 2 | - | 16 | 18 |
| വെളിയം | 16 | 13 | 29 | 58 | 13 | 9 | 16 | 38 | 3 | 4 | 13 | 20 |
| പൂയപ്പള്ളി | 16 | 8 | 28 | 52 | 11 | 7 | 12 | 30 | 5 | 1 | 16 | 22 |
| | | | | 289 | | | | 181 | | | | 108 |

വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2015-16 | 3240000 | ഐ.എ.വൈ. വീടുകൾക്ക് ധനസഹായം | 3240000 | - |
| ജില്ലാ പഞ്ചായത്ത് | 2015-16 | 13427640 | ഐ.എ.വൈ. വീടുകൾക്ക് ധനസഹായം | 13427640 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 8 | 2014-15 | 8 | നെടുമൺകാവ് സി.എച്ച്.സി. ആംബുലൻസ് വാങ്ങൽ. | ഒഴിവാക്കി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 142832972(മുൻബാക്കി ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 91828763 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 212459 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2265872 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10874 | ശ്രീമതി.സുനിതാകുമാരി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1 | | 116087 | ശ്രീ.ബിജു വിശ്വം, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 50000 | ശ്രീമതി.പ്രീതാദേവി, എസ്.സി.ഡി.ഓ |
| 3-3 | | 17749 | ശ്രീമതി.സുനില,അസി.എഞ്ചിനീയർ |
| 3-3 | | 17749 | ശ്രീ.സുനിതാകുമാരി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 212459 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 205000 | 100000/- ശ്രീ.പത്മകുമാർ.എസ്, സെക്രട്ടറി |
| | | 105000/-ശ്രീ.നീലകണ്ഠ പ്രസാദ്, സെക്രട്ടറി |
| 3-6 | 499275 | ഡോ.ബിജു.ബി.എൻ, സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ,കൊട്ടാരക്കര |
| 3-7 | 67998 | ഡോ.ബിജു.ബി.എൻ, സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ,കൊട്ടാരക്കര |
| 3-8 | 242375 | ശ്രീ.പത്മകുമാർ.എസ്, സെക്രട്ടറി |
| 3-9 | 50000 | ഡോ.ജ്യോതിലാൽ, മെഡിക്കൽഓഫീസർ,സി.എച്ച്.സി |

| | | |
|---|---|---|
| 3-12 | 682781 | ഡോ.ബിജു.ബി.എൻ,സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ,കൊട്ടാരക്കര |
| 3-13 | 209400 | ശ്രീമതി.പ്രീതാദേവി, എസ്.സി.ഡി.ഓ |
| 3-14 | 282975 | ശ്രീമതി.പ്രീതാദേവി, എസ്.സി.ഡി.ഒ |
| 3-15 | 26068 | ഡോ.ജ്യോതിലാൽ, മെഡിക്കൽഓഫീസർ, സി.എച്ച്.സി |
| ആകെ | 2265872 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുനിതാകുമാരി, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നം.26,പി.എസ്. നഗർ, വള്ളക്കടവ്പി.ഒ, തിരുവനന്തപുരം |
| ശ്രീ.ബിജു വിശ്വം,അസി.എക്സി.എഞ്ചിനീയർ | | വിശ്വ വിഹാർ, ഞാറയ്ക്കൽ, പെരിനാട് പി.ഒ |

| | | |
|---|---|---|
| ശ്രീമതി.സുനില,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | സുദർശന, ചക്കുവരയ്ക്കൽ.പി.ഓ, പിൻ 691508 |
| ശ്രീമതി.പ്രീതാദേവി,എസ്.സി.ഡി.ഒ | | വളമണ്ണാൽ ഹൗസ്, കുര്യനാട്, കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | LFQ(DB)1376(11)/14/23.06.14 | | |
| 2000-2001 | LFQ(DB)1376(10)/14/23.06.14 | | |
| 2001-2002 | LFQ(DB)1376(9)/14/23.06.14 | | |
| 2003-2004 | LFQ(DB)1376(8)/14/23.06.14 | | |
| 2004-2005 | LFQ(DB)1376(7)/14/23.06.14 | | |
| 2005-2006 | LFQ(DB)1376(6)/14/23.06.14 | | |
| 2006-2007 | LFQ(DB)1376(5)/14/23.06.14 | | |
| 2007-2008 | LFQ(DB)1376(4)/14/23.06.14 | | |
| 2008-2009 | LFQ(DB)1376(3)/14/23.06.14 | | |
| 2009-2010 | LFQ(DB)1376(2)/14/23.06.14 | | |
| 2010-2011<br>2011-2012 | LFQ(DB)1376(1)/14/23.06.14 | | |

| | | | |
|---|---|---|---|
| 2012-2013<br>2013-2014 | LFQ(DB)2606/2014/28.02.15 | | |
| 2014-2015 | K.S.A.K.L.M.D.B-1813/16/1.2.17 | | |

*സീനിയർ ഡെപ്യൂട്ടി ഡയറക്ടർ*

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - ഡി.ബി.527/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ- 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി - 22/03/2017.

സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.